**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 136** **23-08-2022 - ൽ മറുപടിയ്ക്ക്**

**എടക്കര പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ എടക്കര പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച വർഷം; നിലവിൽ ടി പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; ആ ഇനത്തിൽ സർക്കാർ നൽകുന്ന പ്രതിമാസ വാടക എത്ര; നിലവിൽ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽ സൗകര്യങ്ങൾ കുറവാണെന്നും മഴക്കാലത്ത് ചോർച്ചയടക്കമുള്ള പ്രശ്നങ്ങളുണ്ടെന്നുമുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കാര്യം പരിശോധിക്കുമോ; എന്നിവ വിശദമാക്കാമോ; | (എ) | 27.05.1964 ലെ സ.ഉ. (കൈ) നം. 238/64/ ആഭ്യന്തരം ഉത്തരവ് പ്രകാരം 05.06.1964 ലാണ് എടക്കര പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത്. നിലവിൽ എടക്കര ഈസ്റ്റ് ഏറനാട് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള എടക്കര പഞ്ചായത്ത് VI/906 നമ്പർ വാടക കെട്ടിടത്തിലാണ് പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത്. വാടക ഇനത്തിൽ 3,875/- രൂപയാണ് പ്രതിമാസം നൽകി വരുന്നത്. വാടക കെട്ടിടത്തിൽ സൗകര്യങ്ങൾ പരിമിതമാണെന്നും മഴക്കാലത്ത് ചോർച്ച അടക്കമുള്ള പ്രശ്നങ്ങൾ ഉണ്ടെന്നുമുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിവരം കെട്ടിട ഉടമസ്ഥരായ ബാങ്ക് അധികൃതരെ അറിയിച്ചിട്ടുമുണ്ട്. |
| (ബി) | എടക്കര പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ മൂന്ന് വ്യക്തികൾ ചേർന്ന് സൗജന്യമായി ലഭ്യമാക്കിയ അൻപത് സെന്റ് ഭൂമി വർഷങ്ങൾ കഴിഞ്ഞിട്ടും ഏറ്റെടുക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | എടക്കര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി എഴുതി നൽകിയ സർവ്വേ നമ്പർ1065/2 ൽ പെട്ട 0.1619 ഹെക്ടർ (40.014 സെന്റ്) ഭൂമി മലപ്പുറം ജില്ലാ കളക്ടറുടെ 28.01.2021 തീയതിയിലെ ഉത്തരവ് നമ്പർ ബി3-7535/2017 പ്രകാരം ആഭ്യന്തര വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് നഞ്ച ഭൂമി (മുമ്പ് കൃഷി ചെയ്തിരുന്ന ഭൂമി) ആയതിനാൽ തരം മാറ്റി കിട്ടുന്നതിന് സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുവാദത്തിനായുള്ള അപേക്ഷ എടക്കര കൃഷി ഓഫീസർ 08.06.2020 തീയതിയിൽ Agriculture Production Commissioner ക്ക് നൽകിയിരുന്നു. 03.03.2022 ൽ കൂടിയ സംസ്ഥാനതല സമിതി പ്രസ്തുത സ്ഥലത്തിന് പരിവർത്തനാനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭൂമി എടക്കര ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ | (സി) | മറുപടി (ബി) യിൽ നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | കെട്ടിടം നിർമ്മിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് അറിയിക്കാമോ; | | |
| (ഡി) | എടക്കര പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഭൂമിയുടെ തരംമാറ്റുന്നതിനുള്ള അപേക്ഷ തീർപ്പാകാതെ എത്രവർഷമായി സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയിലാണെന്ന് അറിയിക്കാമോ; സർക്കാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായിട്ടും ഇത്രയും കാലം ടി ഫയലിൽ തീരുമാനമെടുക്കാതിരുന്നതിന്റെ കാരണവും വിശദമാക്കാമോ; | (ഡി) | സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും, പ്രസ്തുത ഭൂമി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതിനാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 എ(8) പ്രകാരം പെരിന്തൽമണ്ണ RDO യുടെ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനു ശേഷം പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതുമാണ്. |
| (ഇ) | പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പുണ്ടാക്കി എടക്കര പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ? | (ഇ) | ഭൂമി തരം മാറ്റി ലഭ്യമാകുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന്റെ കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ